**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2542** **13-09-2023 - ൽ മറുപടിയ്ക്ക്**

**ഗോശ്രീ ഐലന്റ് ഡെവലപ്മെന്റ് അതോറിറ്റി-പാസഞ്ചർ വെസൽ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ഗോശ്രീ ഐലന്റ് ഡെവലപ്മെന്റ് അതോറിറ്റി (ജി.ഐ.ഡി.എ.) ജനറൽ കൗൺസിൽ പാസഞ്ചർ വെസൽ നിർമ്മിക്കുന്നതിനായുള്ള പ്രവൃത്തിയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ് അംഗീകാരം നൽകിയതെന്നും, എത്ര രൂപയ്ക്കാണ് ഭരണാനുമതി നൽകിയതെന്നും വ്യക്തമാക്കാമോ; | (എ) | ഉണ്ട്. 01/02/2011 തീയതിയിൽ നടന്ന ജിഡയുടെ 25-ആമത് ജനറൽ കൗൺസിൽ ആണ് അംഗീകാരം നല്കിയത്. ഈ പ്രവർത്തിക്ക് സർക്കാർ 2 കോടി രൂപയ്ക്കാണ് ഭരണാനുമതി നല്കിയത്. |
| (ബി) | പാസഞ്ചർ വെസൽ നിർമ്മിക്കുന്നതിനുള്ള ഉദ്ദേശലക്ഷ്യം എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ; | (ബി) | ദ്വീപ് പ്രദേശത്തെ ജലഗതാഗതം മെച്ചപ്പെടുത്തുക എന്നതായിരുന്നു ലക്ഷ്യം. |
| (സി) | പാസഞ്ചർ വെസലിന്റെ നിർമ്മാണം പൂർത്തിയാക്കിയതെന്നാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസി ആരെന്നും, ഡിസൈൻ തയ്യാറാക്കിയത് ആരാണെന്നും വ്യക്തമാക്കാമോ; | (സി) | പാസ്സഞ്ചർ വെസലിന്റെ നിർമ്മാണം പൂർത്തിയാക്കിയത് 31.01.2019 തീയതിയിൽ ആണ്. പ്രസ്തുത പ്രവർത്തിയുടെ നിർവ്വഹണ ഏജൻസി M/s. KITCO എന്ന സ്ഥാപനം ആണ്. ഡിസൈൻ തയ്യാറാക്കിയത് കൺസോർഷ്യം ഓഫ് M/s. പ്രാഗാ മറൈൻ പ്രൈവറ്റ് ലിമിറ്റഡ് & M/s. സമുദ്ര ഷിപ്പ് യാർഡ് പ്രൈവറ്റ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾ ആണ്. |
| (ഡി) | പ്രസ്തുത വെസൽ നാളിതുവരെ ഉപയോഗിക്കാൻ സാധിക്കാത്തതിനുള്ള കാരണം വ്യക്തമാക്കാമോ; | (ഡി) | വൈപ്പിൻ മേഖലയിലെ ജനങ്ങൾക്ക് ഗതാഗത സൗകര്യം ഒരുക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് വെസ്സൽ നിർമ്മിച്ചത്. ബോട്ട് സർവീസ് നടത്തുന്നതിന് ആവശ്യമായ സാങ്കേതിക വൈദഗ്ധ്യമുള്ള ജീവനക്കാർ ഇല്ലാത്തതിനാലാണ് ബോട്ട് ഉപയോഗിക്കാൻ സാധിക്കാതിരുന്നത്. ജിഡയുടെ അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികകളിൽ ഇത്തരം ജീവനക്കാർ ഉൾപ്പെടുന്നില്ല. കൂടാതെ സ്വകാര്യ ബോട്ടുകളുടെ ശക്തമായ മത്സരമുള്ള കൊച്ചിയിൽ പ്രസ്തുത ബോട്ട് വിനോദസഞ്ചാരത്തിനായിട്ട് ഉപയോഗിക്കുന്നത് ലാഭകരമാകാനുള്ള സാധ്യതയും കുറവാണ് എന്നതിനാൽ പ്രവർത്തനച്ചിലവിനുള്ള വരുമാനം ലഭിക്കുന്നത് പ്രയാസമേറിയതുമായിരുന്നു. |

| | | | |
|---|---|---|---|
| (ഇ) | വെസലിന്റെ നിർമ്മാണ ഉദ്ദേശ്യം സാധ്യമാക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് വ്യക്തമാക്കാമോ; | (ഇ) | ബോട്ട് സർവീസ് ആരംഭിക്കാതിരുന്ന സാഹചര്യത്തിൽ ജിഡ ജനറൽ കൗൺസിലിന്റെ തീരുമാനപ്രകാരം ഈ ബോട്ട് ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിലും പര്യാപ്തമായ തുക ലഭിക്കാത്തതിനാൽ ബോട്ട് വിൽപ്പന സാധ്യമായില്ല. ജിഡ ജനറൽ കൗൺസിൽ തീരുമാനപ്രകാരം ഇറിഗേഷൻ, ഹാർബർ എഞ്ചിനീയറിംഗ്, കൊച്ചി പോർട്ട് ട്രസ്റ്റ്, കൊച്ചി വാട്ടർ മെട്രോ, ടൂറിസം വകുപ്പ്, ഡി.ടി.പി.സി എന്നീ വകുപ്പുകളിലെ വിദഗ്ധരുമായി ഒരു യോഗം കൂടിയിരുന്നു. പ്രസ്തുത ബോട്ട് കൊച്ചിയിൽ സർവീസ് നടത്തുവാൻ സാധ്യതയില്ലെന്നും ആലപ്പുഴ, കുമരകം എന്നിവിടങ്ങളിൽ ഈ ബോട്ടിന് ഉപയോഗ സാധ്യത ഉണ്ടെന്നും ആയതിനാൽ പ്രസ്തുത ബോട്ട് ആലപ്പുഴ, കുമരകം എന്നീ പ്രദേശത്ത് സർവീസ് നടത്തുന്നതിന് അവിടങ്ങളിലെ ഡി.ടി.പി.സിക്ക് വിൽപ്പന നടത്തുന്നതായിരിക്കും ഉചിതമെന്ന് യോഗം ശുപാർശ ചെയ്തു. ഈ ശുപാർശ സംബന്ധിച്ച് ജനറൽ കൗൺസിൽ തീരുമാനപ്രകാരം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (എഫ്) | പ്രസ്തുത വെസലിന്റെ നിർമ്മാണ ഉദ്ദേശ്യത്തിന് വിരുദ്ധമായിട്ടാണോ വെസൽ നിർമ്മിക്കപ്പെട്ടിട്ടുള്ളത്; എങ്കിൽ പ്രസ്തുത നഷ്ടത്തിന് ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് വ്യക്തമാക്കാമോ? | (എഫ്) | പ്രസ്തുത വെസലിന്റെ നിർമ്മാണ ഉദ്ദേശ്യത്തിന് വിരുദ്ധമായിട്ടല്ല വെസൽ നിർമ്മിക്കപ്പെട്ടിട്ടുള്ളത്.<br><br>നിലവിൽ ആർക്കെതിരെയും നടപടികൾ സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ